നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകൾ കേരള സംസ്ഥാന ഹയർ ഗുഡ്സ് ഓണേഴ്സ് അസോസിയേഷന്റെ ശുപാർശയോടെയാണ് ലഭിച്ചിട്ടുള്ളത്. ക്ഷേമ നിധിയിലേക്ക് അംഗത്വത്തിനായി നൽകുന്ന അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർ സാംസ്കാരിക പ്രവർത്തകൻ ആണെന്ന് ശുപാർശ ചെയ്യുന്നതിന് കേരള സംസ്ഥാന ഹയർ ഗുഡ്സ് ഓണേഴ്സ് അസോസിയേഷൻ ടി ആക്ട് പ്രകാരം അധികാരപ്പെട്ട ട്രേഡ് ബോഡി/നികായമാണെന്നുള്ളതിന് വ്യക്തമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അപേക്ഷകൾ കേരള സംഗീത നാടക അക്കാഡമിയുടെ ശുപാർശക്കായി അയച്ചിരുന്നുവെങ്കിലും അപേക്ഷകൾ ശുപാർശ ചെയ്യാതെ മടക്കി നൽകുകയാണുണ്ടായത്. ഇക്കാരണത്താൽ പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് എന്നീ മേഖലയിൽനിന്നും ക്ഷേമനിധി അംഗത്വത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ ഇതുവരെ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഈ അപേക്ഷകൾ നൽകിയിട്ടുള്ളവർ സാംസ്കാരിക പ്രവർത്തനം നടത്തുന്നവരാണെന്നുള്ളതിന് ആക്ട് വ്യവസ്ഥപ്രകാരമുള്ള ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അപേക്ഷകർക്ക് സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗത്വം നൽകി ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകാനാകുകയുള്ളൂ.

കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക തകർച്ച പരിഹരിക്കാൻ നടപടി

234 (7797) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക തകർച്ച പരിഹരിക്കാൻ ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വിധത്തിലാണ് എന്നുള്ള വിശദവിവരം നൽകാമോ ; പുതുതായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുമ്പോഴും അതിലൂടെ ഉണ്ടായേക്കാവുന്ന വരുമാനച്ചോർച്ച തടയുന്നതിനുള്ള മുൻകരുതൽ നടപടി സ്വീകരിക്കുമോ ;

(സി) ചെലവ് ചുരുക്കാനും കുറ്റമറ്റരീതിയിലുള്ള ടെണ്ടറിംഗ്, പർച്ചേസ്, പരസ്യം നൽകൽ തുടങ്ങിയ ഇടപാടുകളിൽ സുതാര്യത ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ഒട്ടുമിക്ക വാണിജ്യപ്രധാന്യമുള്ള സ്ഥലങ്ങളിലും ബസ് ടെർമിനലുകളും ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിച്ചുവരുന്നു. പുതുതായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുമ്പോൾ അതിലൂടെ ഉണ്ടായേക്കാവുന്ന വരുമാന ചോർച്ച തടയുന്നതിന് വ്യക്തമായ നിബന്ധനകളോടെയും കരാർ വ്യവസ്ഥകളോടെയും ആയിരിക്കും ആയത് നടപ്പാക്കുന്നത്.

(സി) ചെലവ് ചുരുക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly